# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4139

16-03-2017 ൽ മറുപടിയ്ക്ക്

### പ്ലാൻ ഫണ്ടിലെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനായി ജലസേചന വകുപ്പ്, ജല അതോറിറ്റി, ഭൂജല വകുപ്പ് എന്നിവ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ? | **കേരള ജല അതോറിറ്റി**<br><br>സംസ്ഥാന ബഡ്ജറ്റിൽ 2016-2017 ൽ താഴെപ്പറയുന്ന വിഭാഗങ്ങളിലാണ് പ്രധാനമായും ഫണ്ട് അനുവദിച്ചിരുന്നത്<br>1. നഗര പദ്ധതികളുടെ പുനരുദ്ധാരണവും മെച്ചപ്പെടുത്തലും.<br>2. ഗ്രാമീണ ജലവിതരണ പദ്ധതികൾ<br>3. ഉൽപ്പാദനവും വിതരണവും മെച്ചപ്പെടുത്തൽ<br><br>മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ ഉൾപ്പെട്ടതായ ഓരോ സ്ഥലത്തേയും ആവശ്യം അനുസരിച്ച് ഭരണാനുമതി നൽകുന്നതിനായി പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. ഈ പ്രൊപ്പോസലുകൾ 5 കോടി രൂപ വരെയുള്ളത് വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പിന്റെയും 5 കോടി രൂപയ്ക്ക് മുകളിലുള്ളത് ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെയും പരിഗണനയ്ക്ക് ശേഷം ഭരണാനുമതി നൽകുന്നവ ജല അതോറിറ്റി മുഖേന നടപ്പിലാക്കുകയാണ് ചെയ്യുന്നത്.<br><br>**ജലസേചന വകുപ്പ്**<br><br>ജലസേചന വകുപ്പിനു കീഴിൽ വിവിധ പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ഓരോ വർഷത്തെയും ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി ആവശ്യം ഉള്ള പദ്ധതികൾ മുൻഗണനാ ക്രമത്തിൽ തരംതിരിക്കുന്നു. ആയവ പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുകകളും ഉൾപ്പെടുത്തി വാർഷിക പദ്ധതി വിഭാവനം ചെയ്യുകയും അംഗീകാരത്തിനായി സംസ്ഥാന ആസൂത്രണ ബോർഡ് സമക്ഷം സമർപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാന ആസൂത്രണ ബോർഡിലെ വിവിധ കമ്മിറ്റിതല ചർച്ചകൾക്കു |

| | | | |
|---|---|---|---|
| | | | ശേഷവും സർക്കാരുമായി വിവിധ ഉദ്യോഗസ്ഥതലത്തിലുള്ള ചർച്ചകൾക്ക് ശേഷവും വാർഷിക പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കുകയും, സംസ്ഥാന ബഡ്ജറ്റായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ബഡ്ജറ്റ് അംഗീകാരം ലഭിക്കുന്ന പദ്ധതികൾ ഭരണ-സാങ്കേതിക അനുമതികൾക്ക് ശേഷം നടപ്പിൽ വരികയും ചെയ്യുന്നു.<br><br>**<u>ഭൂജല വകുപ്പ്</u>**<br><br>വിവിധ ജനപ്രതിനിധികൾ, പഞ്ചായത്ത് സമിതികൾ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ ജലലഭ്യതാ പഠനത്തിനു ശേഷം വകുപ്പിന്റെ സാങ്കേതികാനുമതിയോടു കൂടിയാണ് ഭൂജല വകുപ്പിൽ പദ്ധതികൾ നടപ്പാക്കുന്നത്. ഇങ്ങനെ സാങ്കേതികാനുമതിയോട് കൂടി പൂർത്തിയാക്കുന്ന പദ്ധതികൾക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും ഭൂജല വകുപ്പിന് ലഭ്യമാക്കിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക ലഭ്യമാക്കിയാണ് പദ്ധതികൾ പൂർത്തിയാക്കുന്നത്. പ്രധാനമായും കുഴൽക്കിണർ അടിസ്ഥാനമാക്കിയിട്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികളും ഹാൻഡ് പമ്പ് പദ്ധതികളും വിവിധ തരം കൃത്രിമ ഭൂജല സംപോഷണ പദ്ധതികളുമാണ് ഭൂജല വകുപ്പ് വഴി നടപ്പാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**